ലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ അദ്ധ്യയന വർഷം സംസ്ഥാനത്തെ 9 ഐ.ടി.ഐ.കളിലെ വിവിധ ട്രേഡുകളിലായി 15 യൂണിറ്റുകൾ കുറവ് ചെയ്ത് പകരം പുതിയ ട്രേഡുകളും ഹ്രസ്വകാല കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† കൂടാതെ ഡി.ജി.ഇ.ടി. 36 പുതിയ ട്രേഡുകൾ ആവിഷ്ക്കരിക്കുന്നതിൽ സംസ്ഥാനത്തിന് അനുയോജ്യമായ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) ഡി. ജി. ഇ. റ്റി. ആവിഷ്ക്കരിച്ചിരിക്കുന്ന 36 ട്രേഡുകളിൽ സംസ്ഥാനത്തെ ഏതൊക്കെ ഐ. ടി. ഐ.-കളിൽ ഏതൊക്കെ ട്രേഡുകൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് ശുപാർശ ചെയ്യാൻ തൊഴിൽ വകുപ്പ് സെക്രട്ടറി ചെയർമാനും വിവിധ വിദഗ്ദ്ധരും അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും ആയത് കമ്മിറ്റി പരിശോധിച്ചുവരികയും ചെയ്യുന്നു. കൂടാതെ രാജ്യത്ത് നിലവിലുള്ള ട്രെയിനിംഗ് പ്രോഗ്രാം പരിശോധിച്ച് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ബഹു. കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ഒരു എക്സ്പെർട്ട് ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു. അടുത്ത 5 വർഷം മുതൽ 10 വരെ വർഷത്തിനകത്ത് ആവശ്യമായിവരാവുന്ന തൊഴിലവസരങ്ങളെ കുറിച്ച് രാജ്യത്തിനകത്തും പുറത്തും (ഏരിയാവൈസ്, ഇൻസെന്റ് വൈസ്) സർവ്വേ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇതിനായി നോയിഡായിലെ എഡ്യൂക്കേഷണൽ കൺസൾട്ടന്റ് ഇന്ത്യ ലിമിറ്റഡ് എന്ന ഏജൻസിയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് പരിശോധിച്ചുവരുന്നു.

(എഫ്) ചോദ്യമുദിക്കുന്നില്ല.

(ജി) ചോദ്യമുദിക്കുന്നില്ല.

വ്യവസായവകുപ്പിന്റെ പദ്ധതികൾ

*9 [909] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ ഇപ്പോൾ ഏതൊക്കെ നിർത്തലാക്കിയെന്നും പുതുതായി ഏതൊക്കെ ആരംഭിച്ചു എന്നും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യവസായ വകുപ്പ് നടത്തിയിരുന്ന ഏതൊക്കെ പദ്ധതികളും പരിപാടികളുമാണ് മറ്റ് ഏജൻസികൾക്ക് നൽകിയതെന്നും ഏതൊക്കെ പദ്ധതികളും പ്രവർത്തനങ്ങളും ഏതൊക്കെ ഏജൻസികളെ ഏൽപിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്ന പദ്ധതികൾ മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നതിന്റെ കാരണം എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) 2001-2002 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വിഹിതം നീക്കിവച്ചിരുന്ന പദ്ധതികൾ അനുബന്ധം—1 ആയി ചേർത്തിരിക്കുന്നു. †

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയ പദ്ധതികളും പുതുതായി ആരംഭിച്ച പദ്ധതികളും അനുബന്ധം—2 ആയി ചേർത്തിരിക്കുന്നു. ††

(സി) അടിസ്ഥാന സൗകര്യവികസനം, വ്യവസായ ആവശ്യങ്ങൾക്കുള്ള സ്ഥലമെടുക്കൽ എന്നിവ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിയിരുന്ന പദ്ധതിയായിരുന്നു. ഇപ്പോൾ ആ പദ്ധതി കിൻഫ്ര പോലുള്ള സ്ഥാപനങ്ങളും ചെയ്യുന്നു. പുതുതായി ആരംഭിച്ച കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ കിൻഫ്ര, കെ-സിപ് മുഖേനയും ജൈവ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ കിൻഫ്ര വഴിയുമാണ് നടപ്പിലാക്കുന്നത്. മറ്റു ചില പദ്ധതികളായ ഇൻഡസ്ട്രി ഇൻക്യുബേറ്റേഴ്സ്, കരകൗശല മേഖലയെപ്പറ്റിയുള്ള പഠനം, മുള അധിഷ്ഠിത വ്യവസായങ്ങളുടെ വികസനം, കരകൗശല മേഖലയിൽ മേഖലാ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കൽ (അർബൻ ഹാത്ത്) എന്നിവ മറ്റു പല ഏജൻസികൾ മുഖാന്തിരമോ അവരുടെ സഹായത്തോടുകൂടിയോ നടപ്പിലാക്കുന്നുണ്ടെങ്കിലും അവ വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും മാറ്റിയിട്ടില്ല.

(ഡി) കേരളത്തിൽ വളരെ സാധ്യതയുള്ളതും മുൻഗണനാ വ്യവസായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ഭക്ഷ്യ സംസ്കരണം, ജൈവ സാങ്കേതികവിദ്യ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് കൂടുതൽ ശ്രദ്ധയും ഊന്നലും നൽകുന്നതിനും കേന്ദ്ര സർക്കാരിൽ നിന്നും ഈ വ്യവസായങ്ങൾക്ക് ലഭ്യമായ സഹായങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടിയാണ് ഇവ പ്രത്യേക നോഡൽ ഏജൻസി വഴി നടപ്പിലാക്കി വരുന്നത്.

ബാങ്കിംഗ് നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാനുള്ള കേന്ദ്ര നടപടി

*10 [910] ശ്രീ. കെ. കെ. ജയരചന്ദ്രൻ:
,, എ. വി. ജയരാജൻ:
,, ടി. കെ. ദേവകുമാർ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly